6. മത്സ്യത്തിന്റെ ശോഷണം തടയുന്നതിന് സാമൂഹിക മത്സ്യകൃഷി, സിറാഞ്ചിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

7. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്, അനുയോജ്യമായ ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്ന റിസർവ്വോയർ ഫിഷറീസ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കിവരുന്നു. ഈ വർഷം 20 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി അഡ്വാക്ക് മുഖേന നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

8. കുട്ടനാട്ടിലെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ സംയോജിത മത്സ്യകൃഷി നടപ്പാക്കി വരുന്നു.

9. കുട്ടനാടൻ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കിവരുന്നു.

10. എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ ചെമ്മീൻ വികസന പദ്ധതി നടപ്പാക്കിവരുന്നു.

11. അനുയോജ്യമായ സ്ഥലങ്ങളിൽ ശുദ്ധജല മത്സ്യക്കുളങ്ങളും ബ്രൂഡ്സ്റ്റോക്ക് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.

മത്സ്യത്തൊഴിലാളി സമരം

112 (3321) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ബോട്ടുകളുടെയും മത്സ്യത്തൊഴിലാളികളുടെയും ഈ വർഷമുണ്ടായ സമരം എത്രകാലം നീണ്ടുവെന്ന് വ്യക്തമാക്കുമോ ; അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) മത്സ്യബന്ധന ബോട്ടുകൾ മത്സ്യബന്ധനത്തിനു പോകാതിരുന്ന കാലത്ത് എന്തു തുകയ്ക്കുള്ള മത്സ്യബന്ധനം നടക്കാതിരുന്നിട്ടുണ്ട് എന്നു വിശദമാക്കുമോ ;

(സി) ഇതുമൂലം സംസ്ഥാന ഗവൺമെന്റിന് എന്തുതുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്, എന്തുതുകയുടെ വിദേശ നാണ്യം നഷ്ടപ്പെട്ടിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2004 ഡിസംബർ 15 മുതൽ 9 ദിവസം വരെ സമരം നീണ്ടു നിന്നു. ഡീസൽ സബ്സിഡി അനുവദിക്കുക. മത്സ്യത്തിന് തറവില നിശ്ചയിക്കുക. വിദേശ ട്രോളുകളുടെ ലൈസൻസ് റദ്ദ് ചെയ്യുക എന്നിവയായിരുന്നു ഇവരുടെ ആവശ്യങ്ങൾ.

(ബി&സി) കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് സംബന്ധിച്ച സി.ബി.ഐ. അന്വേഷണം

113 (3322) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. ജെ. മജായി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പിരിച്ചുവിടപ്പെട്ട മത്സ്യഫെഡ് ഭരണസമിതി, മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് സംബന്ധിച്ച് എന്തെല്ലാം ക്രമക്കേടുകൾ വരുത്തിയിട്ടുണ്ട് ;

(ബി) ഈ ക്രമക്കേടുകളുടെ ഫലമായി പിരിച്ചുവിടപ്പെട്ട ഭരണസമിതി അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും കൂടുതൽ തുക ലഭിക്കുവാനിടയായിട്ടുണ്ടോ ; എങ്കിൽ എപ്രകാരം എന്നു വ്യക്തമാക്കുമോ ;

(സി) ഈ ഇൻഷ്വറൻസ് ഇടപാടിനെപ്പറ്റി സി.ബി.ഐ. അന്വേഷണം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ക്രമക്കേടുകൾ വരുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

മത്സ്യഫെഡിനെതിരെ നടപടി

114 (3323) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മത്സ്യഫെഡിനെ പിരിച്ചു വിടാതിരിക്കാൻ കാരണം കാണിക്കണമെന്ന് കാണിച്ച് മത്സ്യഫെഡിന് എത്ര പ്രാവശ്യം നോട്ടീസ് നൽകി ;

LIBRARY ARCHIVES Kerala Legislative Assembly